## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2216 — 05.12.2018 ൽ മറുപടിക്ക്

## ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആതിരപ്പള്ളി പഞ്ചായത്തിലെ കിഴക്കൻമേഖലയായ മലക്കപ്പാറയിലെ, ആദിവാസി-തോട്ടം മേഖലയിലെ ജനങ്ങൾ 60 കി.മീ. ദൂരം സഞ്ചരിച്ച് വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എത്തിച്ചേർന്നാണ് പ്രാഥമിക ചികിത്സ തേടുന്നതെന്നും ഇവർക്ക് കിടത്തി ചികിത്സ ലഭിക്കണമെങ്കിൽ 100 കി.മീ. ദൂരത്തുള്ള ചാലക്കുടി ടൗണിൽ എത്തേണ്ടതുണ്ട് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുള്ള വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തി ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ അനുവദിക്കുന്നതിന് ആവശ്യമായ ഇടപെടലുകളും നടപടികളും ആരോഗ്യവകുപ്പ് സ്വീകരിക്കുമോ? | (ബി) | 'ആർദ്രം' പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. ഇവിടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എൻ.എച്ച്.എം. മുഖേന ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ പുരോഗമിച്ചു വരികയാണ്. ഇവിടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ